
# ബാലറാം: ദാർശനികനായ കമ്മ്യൂണിസ്റ്റ് നേതാവ്

**2011 ജൂലൈ 17**



കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപക നേതാക്കന്മാരിലൊരാളായ എൻ ഇ ബാലറാം നമ്മെ വിട്ടുപിരിഞ്ഞിട്ട് ഇന്ന് പതിനാറു വർഷം തികയുകയാണ്. ഭാരതീയ തത്വചിന്തയിലും ചരിത്രത്തിലും മാർക്സിസത്തിലും അവഗാഹമുള്ള ദാർശനികൻ, സ്വാതന്ത്ര്യസമര സേനാനി, പാർലമെന്റേറിയൻ, സംഘാടകൻ തുടങ്ങിയ നിലകളിലെല്ലാം വ്യക്തിമുദ്ര പതിപ്പിച്ച നേതാവായിരുന്നു ബാലറാം.

സാമൂഹ്യ അനാചാരങ്ങൾക്കും അസമത്വങ്ങൾക്കും എതിരായ പ്രതിഷേധമാണ് നന്നെ ചെറുപ്പത്തിൽ തന്നെ ബാലറാമിനെ പൊതുരംഗത്തേക്ക് കടന്നുവരാൻ പ്രേരിപ്പിച്ചത്. കോൺഗ്രസ് പ്രവർത്തകനായിരുന്ന ബാലറാം സ്വാതന്ത്ര്യ സമരത്തിൽ സജീവ പങ്കാളിയായി. അക്കാലത്ത് ജാതിവ്യവസ്ഥക്ക് എതിരായി ചിന്തിക്കുന്നവരെയെല്ലാം ആകർഷിച്ച പ്രസ്ഥാനമായിരുന്നു എസ് എൻ ഡി പി. തലശ്ശേരിയിൽ എസ് എൻ ഡി പിയുടെ പ്രവർത്തനങ്ങളുമായി ബാലറാമും ബന്ധപ്പെട്ടു. ഒപ്പം ബീഡി തൊഴിലാള ികൾ ഉൾപ്പെടെയുള്ള തൊഴിലാളി വിഭാഗങ്ങളെ സംഘടിപ്പിക്കുന്നതിലും അദ്ദേഹം പ്രധാന പങ്കുവഹിച്ചു.


കോൺഗ്രസിൽ ഇടതുപക്ഷത്തോടൊപ്പം നിന്ന ബാലറാം, കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി രൂപം കൊണ്ടപ്പോൾ അതിന്റെ നേതാക്കന്മാരിലൊരാളായി. കേരളത്തിൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിലെ മഹാഭൂരിപക്ഷം പേരും കമ്മ്യൂണിസ്റ്റ് പാർട്ടിരൂപം കൊണ്ടപ്പോൾ പാർട്ടിയിലേയ്ക്ക് വന്നു. ഈ പ്രക്രിയയിൽ സുപ്രധാന പങ്കുവഹിച്ചവരിൽ ഒരാൾ ബാലറാമായിരുന്നു. 1939-ൽ തലശ്ശേരിക്കടുത്ത പാറപ്രത്ത് നടന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണ സമ്മേളനത്തിന്റെ മുഖ്യ സംഘാടകരിൽ ഒരാൾ ബാലറാമാണ്. ആ തലമുറയിലെ മറ്റ് കമ്മ്യൂണിസ്റ്റ് നേതാക്കന്മാരെപോലെ ബാലറാമിനും ഒളിവു ജീവിതവും ജയിൽ വാസവും അനുഭവിക്കേണ്ടിവന്നു. പല ഘട്ടങ്ങളിലായി ആറുവർഷക്കാലം ബാലറാം ജയിലിൽ കഴിഞ്ഞു. ജയിൽ വാസം പഠനത്തിനുള്ള അവസരമായാണ് അദ്ദേഹം ഉപയോഗിച്ചത്.



**പാറപ്രത്ത് നടന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണ സമ്മേളനം**



ശങ്കരാചാര്യർ



സ്വാമി വിവേകാനന്ദൻ

ബാലറാം ഏറ്റവും മുൻഗണന നൽകിയ രംഗങ്ങളിലൊന്ന് ആശയ പ്രചരണമായിരുന്നു. കമ്മ്യൂണിസത്തിന്റെ അടിസ്ഥാന തത്വങ്ങൾ ഏറ്റവും ലളിതമായി വിശദീകരിച്ചുകൊണ്ട് നിരവധി ലേഖനങ്ങളും ലഘുലേഖകളും അദ്ദേഹം എഴുതി. ഭാരതത്തിന്റെ ദർശനങ്ങളും ചരിത്രവും പുതിയതലമുറയെ പഠിപ്പിച്ചു. ശങ്കരാചാര്യരുടെയും വിവേകാനന്ദന്റെയും തത്വചിന്തകൾ ഇത്ര ആഴത്തിൽ പഠിക്കുകയും അപഗ്രഥിക്കുകയും ചെയ്തവർ വിരളമാണ്.

വിവേകാനന്ദനെ ഹിന്ദുത്വത്തിന്റെ പ്രതീകമായി അവതരിപ്പിച്ചുകൊണ്ട് സംഘപരിവാർ നടത്തിയ പ്രചരണങ്ങളുടെ മുനയൊടിച്ചത് ബാലറാമായിരുന്നു. വിവേകാനന്ദന്റെ ജീവിതവും ആശയങ്ങളും വസ്തുനിഷ്ഠമായി അദ്ദേഹം അവതരിപ്പിച്ചു. ബാബറി മസ്ജിദ് തകർക്കുന്നതിന്റെ മുന്നോടിയായി ആർ എസ് എസും സംഘപരിവാറും നടത്തിയ വിഷലിപ്തമായ പ്രചരണത്തെ നേരിടുന്നതിൽ പുരോഗമന ശക്തികളെ ആശയപരമായി ആയുധമണിയിക്കുന്നതിൽ ബാലറാം നിസ്തുലമായ പങ്കാണ് വഹിച്ചത്. ചരിത്രത്തിലും ഭാരതീയ ദർശനങ്ങളിലുമുള്ള അഗാധമായ പാണ്ഡിത്യവും അനുപമമായ അപഗ്രഥന പാടവവുമാണ് ഇതിൻ അദ്ദേഹത്തെ സഹായിച്ചത്. സംസ്കൃതം, പാലി, ബംഗാളി തുടങ്ങിയ ഭാഷകൾ ബാലറാം പഠിച്ചിരുന്നു.

രാഷ്ട്രീയം, സാമ്പത്തികം, തത്വചിന്ത എന്നിവയിൽ പരിമിതപ്പെട്ടതായിരുന്നില്ല ബാലറാമിന്റെ പരന്ന വായന. മലയാളത്തിലും ഇംഗ്ലീഷിലുമുള്ള ഏറ്റവും പുതിയ നോവലുകളും കവിതകളും ചെറുകഥകളും അദ്ദേഹം തേടിപിടിച്ചു വായിക്കാറുണ്ടായിരുന്നു. ബാലറാം കമ്മ്യൂണിസ്റ്റ് പാർട്ടി കേന്ദ്ര സെക്രട്ടറിയേറ്റ് അംഗമായി ഡൽഹിയിൽ താമസിച്ചിരുന്നപ്പോൾ ഏറ്റവും പുതിയ നോവലുകൾ എന്നെ പോലുള്ളവർക്ക് നൽകിയിരുന്നു. താൻ വായിച്ച പുസ്തകത്തിന്റെ പ്രത്യേകതകൾ അദ്ദേഹം വിവരിച്ചുതരും. രാജ്യസഭാംഗമായിരുന്നപ്പോൾ, പാർലമെന്റ് ലൈബ്രറിയിലെ വിപുലമായ പുസ്തകശേഖരം ഏറ്റവും നന്നായി ഉപയോഗിച്ച അംഗം ബാലറാമായിരിക്കും.

മനസ്സിൽ തട്ടിയ പുസ്തകങ്ങളെക്കുറിച്ച് ആസ്വാദനക്കുറിപ്പ് എഴുതുന്നതിൽ ബാലറാം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വസ്തുനിഷ്ഠതയും പക്ഷപാതരാഹിത്യവുമായിരുന്നു ബാലറാമിന്റെ നിരൂപണങ്ങളുടെ മുഖമുദ്ര. അദ്ദേഹത്തിന്റെ പാണ്ഡിത്യവും ദാർശനിക ഔന്നത്യവും സാർവത്രികമായ അംഗീകാരവും ആദരവും നേടി.

കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പിളർപ്പിനെ തുടർന്നുള്ള തർക്കങ്ങളിൽ യഥാർഥ വസ്തുതകൾ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിൽ ബാലറാം വഹിച്ച പങ്ക് അവിസ്മരണീയമാണ്. ബാലറാം എഴുതിയ തർക്കത്തിന്റെ തായ്‌വേര് ഉൾപ്പെടെയുള്ള ഗ്രന്ഥങ്ങൾ പാർട്ടിയിൽ ഭിന്നിപ്പുണ്ടാക്കിയവരുടെ ദുഷ്പ്രചരണങ്ങൾക്കുള്ള ചുട്ടമറുപടിയായിരുന്നു.

നല്ല സംഘാടകനും പാർലമെന്റേറിയനും ഭരണാധികാരിയുമായിരുന്നു ബാലറാം. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയായും കേന്ദ്ര സെക്രട്ടറിയേറ്റ് അംഗമായും ബാലറാം ദീർഘനാൾ പ്രവർത്തിച്ചു. 1957–ൽ മട്ടന്നൂർ മണ്ഡലത്തിൽ നിന്നും നിയമസഭയിലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ട ബാലറാം 1960–ലും വിജയം ആവർത്തിച്ചു. 1970–ൽ തലശ്ശേരിയിൽ നിന്നും വിജയിച്ച അദ്ദേഹം അച്യുതമേനോൻ മന്ത്രിസഭയിൽ അംഗമായി. ചുരുങ്ങിയകാലമേ മന്ത്രിയായിരുന്നുള്ളുവെങ്കിലും കഴിവുറ്റ ഭരണാധികാരിയാണെന്നു തെളിയിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. രണ്ടുതവണ ബാലറാം രാജ്യസഭാംഗമായിരുന്നു.

സോഷ്യലിസത്തിലേയ്ക്കുള്ള ഇന്ത്യയുടെ പാതയെകുറിച്ചു തനതായ കാഴ്ചപ്പാടുണ്ടായിരുന്ന നേതാവായിരുന്നു ബാലറാം. ഇന്ത്യയുടെ പൈതൃകത്തിലും ചരിത്രത്തിലും അധിഷ്ഠിതമായ പ്രവർത്തനശൈലിക്കുവേണ്ടി അദ്ദേഹം വാദിച്ചു. സോവിയറ്റ് യൂണിയന്റെ തകർച്ചയെ തുടർന്നുള്ള കാലത്ത് സോഷ്യലിസവും ജനാധിപത്യവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് സജീവമായ ചർച്ചകൾ നടന്നപ്പോൾ ജനാധിപത്യത്തിന്റെ സത്ത ഉൾക്കൊണ്ടുകൊണ്ടുള്ള മാറ്റങ്ങൾ വരുത്തണമെന്ന് അദ്ദേഹം നിർദേശിച്ചു. പുതിയ ആശയങ്ങൾ ഉൾക്കൊള്ളാനും മാർക്സിസവുമായി അതിനെ ബന്ധിപ്പിക്കാനും ബാലറാമിനു സവിശേഷമായ കഴിവുണ്ടായിരുന്നു.

ബാലറാമിന്റെ ലളിത ജീവിതവും നാടിന്റെയും ജനങ്ങളുടെയും താൽപര്യങ്ങൾ സംരക്ഷിക്കാനുള്ള പോരാട്ടങ്ങളിലെ അർപ്പണ ബോധവും തലമുറകൾക്ക് മാതൃകയാണ്.